## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5908**
**07.07.2014 ലെ മറുപടി**

### പ്രവാസികളുടെ ഓൺലൈൻ ഡേറ്റാബാങ്ക്

ചോദ്യം | മറുപടി
---|---

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>,, ബെന്നി ബെഹനാൻ<br>,, ആർ. സെൽവരാജ്<br>,, തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) പ്രവാസികളുടെ ഓൺലൈൻ ഡേറ്റാബാങ്ക് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(സി) പ്രവാസികളുടെ എന്തെല്ലാം വിവരങ്ങളാണ് ഡേറ്റാബാങ്കിൽ ഉൾക്കൊള്ളിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ;<br><br>(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുക്കാനുദ്ദേശിക്കുന്നുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | എ,ബി,സി&ഡി) പ്രവാസികളുടെ ഓൺലൈൻ ഡേറ്റാബാങ്ക് ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. വിദേശത്ത് ജോലിക്കായി പോകുന്ന/വിദേശത്ത് ജോലി ചെയ്യുന്ന പ്രവാസികളുടെ ഒരു ഡേറ്റാബാങ്ക് തയ്യാറാക്കുക എന്നതാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രവാസി തൊഴിൽ ചെയ്യുന്ന രാജ്യം, വിദേശത്തെ മേൽവിലാസം, പാസ്പോർട്ട് നമ്പർ, തൊഴിൽ, സ്പോൺസറുടെ വിശദാംശങ്ങൾ, തൊഴിൽ മേഖല, നാട്ടിലെ മേൽവിലാസം, ഫോൺ നമ്പർ എന്നിവ സംബന്ധിച്ച ഒരു അടിസ്ഥാന വിവരശേഖരണം നടത്തുകയെന്നതാണ് ഡേറ്റാ ബാങ്ക് കൊണ്ട് പ്രധാനമായും ലക്ഷ്യമിടുന്നത്. പ്രവാസികൾക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഈ വിവരങ്ങൾ പ്രയോജനപ്പെടുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് പ്രാഥമിക നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ